എസ്.എസ്.എൽ.സി. പരീക്ഷാ നടത്തിപ്പും വാലുവേഷനിലും പങ്കെടുക്കുന്ന അദ്ധ്യാപകർക്കുള്ള ആനുകൂല്യങ്ങൾ

111 (1421) ശ്രീ. എൻ. ഡി. അപ്പച്ചൻ :
ശ്രീ. വർക്കല കഹാർ :
ശ്രീ. ജോർജ് ജെ. മാത്യു :
ശ്രീ. കെ. എ. ചന്ദ്രൻ :
ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എസ്.എസ്.എൽ.സി. പരീക്ഷയുടെ ഉത്തരക്കടലാസിന്റെ കേന്ദ്രീകൃത വാല്യൂവേഷനിൽ പങ്കെടുക്കുന്ന അദ്ധ്യാപകർക്ക് നൽകുന്ന ആനുകൂല്യങ്ങൾ എന്തെല്ലാം ;

(ബി) എസ്.എസ്.എൽ.സി. പബ്ലിക് പരീക്ഷയുടെ സൂപ്പർവിഷന് നിയോഗിക്കപ്പെടുന്ന അദ്ധ്യാപകർക്ക് എന്തെല്ലാം ആനുകൂല്യങ്ങൾ നൽകുന്നുണ്ട് ?

ഉത്തരം

(എ) എസ്.എസ്.എൽ.സി. കേന്ദ്രീകൃത വാല്യൂവേഷൻ ക്യാമ്പിൽ പങ്കെടുക്കുന്ന അദ്ധ്യാപകർക്ക് വാല്യൂ ചെയ്യുന്ന പേപ്പർ ഒന്നിന് 2.70 രൂപ വീതം വാല്യൂവേഷൻ ചാർജായി നൽകുന്നു. കൂടാതെ ഡ്യൂട്ടി ചെയ്യുന്ന ദിവസം കണക്കാക്കി ദിവസം ഒന്നിന് അര ദിവസത്തെ ശമ്പളം ഡ്യൂട്ടി അലവൻസും അർഹതപ്പെട്ട യാത്രാപ്പടിയും, ഡി. എ. യും നൽകുന്നുണ്ട്.

(ബി) എസ്.എസ്.എൽ.സി. പബ്ലിക് പരീക്ഷയുടെ സൂപ്പർവിഷന് നിയോഗിക്കപ്പെടുന്ന അദ്ധ്യാപകർക്ക് 28 രൂപ വീതം ദിവസം ഒന്നിന് പ്രതിഫലം നൽകുന്നുണ്ട്.

കുട്ടികൾ ഇടയ്ക്കുവച്ച് പഠനം നിർത്തിപ്പോകുന്നതിനുള്ള കാരണം

112 (1422) ശ്രീ. വർക്കല കഹാർ :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. പി. ജെ. ജോയി :
ശ്രീ. ഇ. എം. അഗസ്തി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഒന്നാം ക്ലാസ്സിൽ ചേരുന്ന കുട്ടികളുടെ എത്ര ശതമാനം പേരാണ് എസ്.എസ്.എൽ.സി. ക്ലാസ്സിൽ എത്തുന്നത് ;

(ബി) കുട്ടികൾ ഇടയ്ക്ക് വച്ച് പഠനം നിർത്തിപ്പോകുന്നതിനുള്ള കാരണമെന്ത് ;

LIBRARY ARCHIVES Kerala Legislative Assembly